# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1733** 05.02.2019 -ലെ മറുപടിയ്ക്ക്

**സർവ്വകലാശാലാ പരീക്ഷകളുടെ നടത്തിപ്പ്**

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.മോൻസ് ജോസഫ് | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ യഥാസമയം പരീക്ഷകൾ നടത്താതിരിക്കുന്നതും ആയതിന്റെ റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസവും പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി ഏകീകൃത അക്കാദമിക് - പരീക്ഷാ കലണ്ടർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഒരു പ്രത്യേക കമ്മിറ്റി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സർവ്വകലാശാല – കോളേജ് തലത്തിലെ അക്കാദമിക് - പരീക്ഷാ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും സമയബന്ധിതമായി പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) | ഇതു സംബന്ധിച്ച് വൈസ് ചാൻസലർ സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടോ, വൈസ് ചാൻസലർമാരുടെ യോഗം സർക്കാർ വിളിച്ചുചേർത്തതിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടത്; | (ബി) | ഇല്ല;<br>പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും സമയബന്ധിതമാക്കണം. ബിരുദ പരീക്ഷാഫലം എല്ലാ വർഷവും ഏപ്രിൽ 30 നകവും ബിരുദാനന്തരപരീക്ഷാഫലം മേയ് 31 നകവും പ്രസിദ്ധീകരിക്കണം. സെമസ്റ്ററിൽ ഇടവിട്ടുള്ള പരീക്ഷകൾ കോളേജിനെ ഏൽപ്പിക്കുന്ന കാര്യം പരിഗണിയ്ക്കണം. പരീക്ഷാ നടത്തിപ്പിൽ സർവ്വകലാശാലകൾ ആധുനികവൽക്കരണം നടപ്പിലാക്കണം. |

| | | | |
|---|---|---|---|
| | | | ഓൺലൈൻ ചോദ്യപേപ്പർ ഓൺലൈൻ പരീക്ഷകൾ എന്നിവസുരക്ഷിതത്വം ഉറപ്പാക്കി നടപ്പിലാക്കണം തുടങ്ങിയ തീരുമാനങ്ങൾ വൈസ് ചാൻസലർമാരുടെ യോഗത്തിൽ കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം സർവ്വകലാശാലകൾ കലണ്ടർ പ്രസിദ്ധീകരിച്ച് പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിച്ച് നടപ്പിലാക്കി വരുന്നു എന്ന് വ്യക്തമാക്കാമോ; ബാക്കിയുള്ള സർവ്വകലാശാലകൾ എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ; | (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകൾ പരീക്ഷാ കലണ്ടർ പ്രകാരം പരീക്ഷകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കേരള സർവ്വകലാശാലയിൽ പരീക്ഷാ ഫീസ് അടച്ചിട്ടുപോലും പരീക്ഷാ തീയതി പ്രഖ്യാപിക്കാത്ത എത്ര പരീക്ഷകൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ; ഇവ എന്നേക്ക് നടത്തും എന്ന് വ്യക്തമാക്കാമോ? | (ഡി) | ബി.ടെക്ക്, യു.ജി. (സി.ബി.സി.എസ് / സി.ആർ ) ഡിഗ്രി കോഴ്സുകളുടെ സപ്ലിമെന്ററി (2013 അഡ്മിഷന് മുൻപുള്ളവ) പരീക്ഷകളുടെ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഇവയുടെ പരീക്ഷകൾ 2019, ഫെബ്രുവരി / മാർച്ച് മാസങ്ങളിലായി നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ